17/D/L
4846
17/04/15

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കണ്ണൂർ ജില്ലയിലെ പയ്യന്നൂർ എട്ടിക്കുളം ഗവൺമെന്റ് മാപ്പിള യു.പി. സ്കൂൾ, എട്ടിക്കുളം മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുമായി ലയിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ. (സാധാ) 1266/2015/പൊ.വി. തീയതി, തിരുവനന്തപുരം, 28, മാർച്ച് 2015

---

പരാമർശം:
1) ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ 31.10.2011 - ന് ഏഴിമല ഡെവലപ്പ്മെന്റ് കൗൺസിൽ സെക്രട്ടറി സമർപ്പിച്ച നിവേദനം
2) എട്ടിക്കുളം മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്ററുടെ 31.12.2012 - ലെ കത്ത്
3) എട്ടിക്കുളം ജി.എം.യു.പി. സ്കൂൾ ഹെഡ്മിസ്ട്രസ്സിന്റെ 22.2.13-ലെ കത്ത്
4) കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 23.01.2014, 08.04.2014 എന്നീ തീയതികളിലെ ജി2-10290/2012/താ.തീ. നമ്പർ കത്ത്
5) 03.09.2014 - ലെ അഡീഷണൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഡബ്ല്യൂ.1/23708/2014 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ എട്ടിക്കുളം ഗവ. മാപ്പിള യു.പി. സ്കൂൾ, എട്ടിക്കുളം മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളുമായി സംയോജിപ്പിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ഏഴിമല ഡെവലപ്പ്മെന്റ് കൗൺസിൽ സെക്രട്ടറി ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) എട്ടിക്കുളം ഗവ. മാപ്പിള യു.പി. സ്കൂൾ പ്രതിമാസം 10000/- രൂപ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. തൊട്ടടുത്തുള്ള മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളിന് സ്വന്തമായി 3 ഏക്കർ സ്ഥലമുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത സ്കൂളിനോട് ഗവ. മാപ്പിള യു.പി. സ്കൂൾ ലയിപ്പിക്കാവുന്നതും സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുവരെ ഇപ്പോഴുള്ള വാടക കെട്ടിടത്തിൽ തുടരാവുന്നതുമാണെന്നും ലയിപ്പിക്കൽ നടപടി പൂർത്തിയാകുമ്പോൾ ഗവ. മാപ്പിള യു.പി. സ്കൂളിലെ ഹെഡ്മാസ്റ്റർ തസ്തികയും ഒരു പ്യൂൺ തസ്തികയും ഇല്ലാതാകുമെന്നും ഇവരെ മറ്റ് സ്കൂളുകളിലേക്ക് മാറ്റാവുന്നതാണെന്നും അതുവഴി സർക്കാരിന് സാമ്പത്തികമായി മെച്ചം ഉണ്ടാകുന്നതാണെന്നും രണ്ടും സർക്കാർ സ്കൂളുകളായതിനാൽ ലയനത്തിന് മറ്റ് സാങ്കേതിക ബുദ്ധിമുട്ടുകളൊന്നും ഇല്ലായെന്നും പരാമർശം (5) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എട്ടിക്കുളം ഗവ. മാപ്പിള യു.പി. സ്കൂൾ എട്ടിക്കുളം മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക ഗവ. ഹയർ സെക്കന്ററി

(മറുപുറം)

സ്കൂളുമായി ചേർക്കുന്നതിന് സമ്മതമാണെന്നും സ്കൂൾ പി.ടി.എ. പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുകയില്ല എന്ന വ്യവസ്ഥയിന്മേൽ എട്ടിക്കുളം ഗവ. മാപ്പിള യു.പി. സ്കൂൾ എട്ടിക്കുളം മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളുമായി ലയിപ്പിച്ച് ഉത്തരവാകുന്നു.

4) ഗവൺമെന്റ് മാപ്പിള യു.പി. സ്കൂൾ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുവരെ നിലവിലെ വാടകകെട്ടിടത്തിൽ പ്രവർത്തിക്കേണ്ടതാണ്. സ്കൂൾ ലയിപ്പിക്കുന്നതുമൂലം ഗവ. മാപ്പിള യു.പി. സ്കൂളിലെ ഹെഡ്മാസ്റ്റർ, പ്യൂൺ തസ്തിക ഇല്ലാതാകുന്നതിനാൽ ഈ തസ്തികകൾ അനുയോജ്യമായ രീതിയിൽ മാറ്റുന്നതിന് കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കേഷബ് ചന്ദ് എസ്.
ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അഡീഷണൽ പൊതു വിദ്യാഭ്യാസ ഡയറ്കടർ (അക്കാദമിക്), തിരുവനന്തപുരം.
ജില്ലാ കലക്ടർ, കണ്ണൂർ
പ്രോജക്ട് ഡയറക്ടർ, ഐ.റ്റി. @ സ്കൂൾ, തിരുവനന്തപുരം
ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറ്കടർ, കണ്ണൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണ്ണൂർ
ഹെഡ്മിസ്ട്രസ്, ജി.എം. യു.പി. സ്കൂൾ, എട്ടിക്കുളം, കണ്ണൂർ - 670 308
പ്രിൻസിപ്പാൾ, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ, എട്ടിക്കുളം, കണ്ണൂർ ജില്ല - 670 308
ഹെഡ്മാസ്റ്റർ, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ, എട്ടിക്കുളം, കണ്ണൂർ ജില്ല - 670 308
ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി, ജില്ലാ പഞ്ചായത്ത്, കണ്ണൂർ.
സെക്രട്ടറി, ഏഴിമല ഡെവലപ്പ്മെന്റ് കൗൺസിൽ, എട്ടിക്കുളം, കണ്ണൂർ ജില്ല - 670 308
വെബ് & ന്യൂ മീഡിയ, പി.ആർ.ഡി., ഗവ. സെക്രട്ടറിയറ്റ്, തിരുവനന്തപുരം
കരുതൽ ശേഖരം/കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ